# സബ്മിഷൻ

## കെ. കരുണാകരന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഹൈബി ഈഡൻ: സർ, കേരളത്തിലെ ആദ്യത്തെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം 1996-ൽ കൊച്ചിയിൽ മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ കാലഘട്ടത്തിലാണ് പൂർത്തീകരിച്ചത്. 65,000 പേർക്ക് ഇരിക്കാൻ സൗകര്യമുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം ഇപ്പോൾ ക്രിക്കറ്റ്, ഫുട്ബോൾ മത്സരങ്ങൾ നടത്താനുള്ളൊരു വേദിയായി മാറിയിരിക്കുകയണ്. എല്ലാവിധ ആധുനിക സംവിധാനങ്ങളുമുള്ള പ്രസ്തുത സ്റ്റേഡിയത്തിൽ ബിസിനസ്സ് സമുച്ചയങ്ങളും പോലീസ് സ്റ്റേഷൻ അടക്കമുള്ള സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. പാക്കിസ്ഥാനും ഓസ്ട്രേലിയയ്ക്കുമെതിരായുള്ള ഏറ്റവും പ്രധാനപ്പെട്ട രണ്ട് ബൗളിംഗ് റെക്കോർഡുകൾ സച്ചിൻ ടെണ്ടുൽക്കർ സൃഷ്ടിച്ചിട്ടുള്ളത് കൊച്ചി അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ്. ഈ സ്റ്റേഡിയത്തിന്റെ പല വികസന പ്രവർത്തനങ്ങളോടും നെടുമ്പാശ്ശേരി വിമാനത്താവളമടക്കമുള്ള പല പ്രവർത്തനങ്ങളോടും പ്രത്യേക മമത കാണിക്കുകയും ഇതിനെല്ലാം നേതൃത്വം കൊടുക്കുകയും ഇച്ഛാശക്തിയോടുകൂടി ഇടപെടുകയും ചെയ്തിട്ടുള്ള ഒരു ഭരണാധികാരിയെന്ന നിലയിൽ ലീഡർ കെ. കരുണാകരന്റെ പൂർണ്ണകായ പ്രതിമ അവിടെ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കാമെന്ന് ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. അവിടെ പ്രതിമ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സ്ഥലം നൽകുന്നവർക്ക് 50 ലക്ഷം രൂപ നൽകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സര്‍, മുന്‍ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരന്‍ മുന്‍കൈയെടുത്ത് നടപ്പാക്കിയ എറണാകുളത്തെ ജവഹര്‍ലാല്‍ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം, നെടുമ്പാശ്ശേരി വിമാനത്താവളം, ഗോശ്രീ പാലങ്ങള്‍ തുടങ്ങിയ വികസന പ്രവര്‍ത്തനങ്ങള്‍ പരിഗണിച്ച് അദ്ദേഹത്തിന്റെ പ്രതിമ കൊച്ചി ജവഹര്‍ലാല്‍ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം പരിസരത്ത് സ്ഥാപിക്കുന്നതിന് നടപടിയുണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിരിക്കുന്നത്. ജി.സി.ഡി.എ. നിര്‍വ്വാഹക സമിതി ഇക്കാര്യം പരിഗണിക്കുകയും പ്രതിമ സ്ഥാപിക്കുന്നതിനായി സ്റ്റേഡിയം പരിസരത്ത് അനുയോജ്യമായ സ്ഥലം അനുവദിക്കാന്‍ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 23-08-2013–ല്‍ ചേര്‍ന്ന അതോറിറ്റി ജനറല്‍ കൗണ്‍സിലില്‍ മേല്‍ വിഷയം അവതരിപ്പിക്കുകയും പ്രതിമ നിര്‍മ്മാണത്തിന് ജി.സി.ഡി.എ. നേരിട്ട് നേതൃത്വം നല്‍കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമ നിര്‍മ്മാണത്തിനാവശ്യമായി വരുന്ന സാമ്പത്തികമുള്‍പ്പെടെയുള്ള തുടര്‍ നടപടികളുമായി മുന്നോട്ടു പോകാന്‍ നിര്‍ദ്ദേശം നല്‍കുന്നതാണ്.

## കസ്തൂരിരംഗന്‍ റിപ്പോര്‍ട്ടിലെ ആശങ്കകള്‍

ശ്രീ. റോഷി അഗസ്റ്റിന്‍: സര്‍, കേരളത്തിലെ മലയോര മേഖലയില്‍ താമസിക്കുന്ന സാധാരണക്കാരായ കൃഷിക്കാര്‍ നേരിടുന്ന ഏറ്റവും വലിയൊരു പ്രതിസന്ധിയും ആശങ്കയുമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പശ്ചിമഘട്ട മലനിരകളെ സംരംക്ഷിക്കുന്നതിനുവേണ്ടി രൂപംനല്‍കിയ ഗാഡ്ഗില്‍ കമ്മിറ്റിയുടെയും കസ്തൂരിരംഗന്‍ കമ്മിറ്റിയുടെയും റിപ്പോര്‍ട്ടുകള്‍ ഇന്ന് കടുത്ത ആശങ്കയില്‍ത്തന്നെ

തുടരുകയാണ്. ഈ വിഷയങ്ങളിന്മേലുള്ള ആശങ്കയകറ്റേണ്ട ആവശ്യ കതയെപ്പറ്റി ഗവൺമെന്റ് തലത്തിലും കേരളത്തിലൊട്ടാകെയും ഒട്ടേറെ ചർച്ചകൾ നടന്നു. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്ന സമയത്ത് ഈ വിഷയം ഒരു സബ്മിഷനിലൂടെ സഭയിൽ ഉന്നയിക്കുകയും ചർച്ച ചെയ്യു കയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി കേന്ദ്രഗവൺമെന്റിനെ അറിയിച്ചിരുന്നു. അക്കാര്യത്തിൽ ബഹുമാ നപ്പെട്ട മുഖ്യമന്ത്രിയും ഈ സഭയുമെടുത്ത നിലപാടിനെ അഭിനന്ദിക്കുക യാണ്. എന്നാൽ ഗാഡ്ഗിൽ കമ്മിറ്റി എടുത്ത തീരുമാനങ്ങളിലെ പിശകുകൾ തിരുത്താൻ രൂപംകൊടുത്ത കസ്തൂരിരംഗൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലൂടെ പ്രസ്തുത ആശങ്കകൾ ദൂരീകരിക്കാൻ സാധിച്ചിട്ടില്ല. ജനവാസകേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് വില്ലേജുകൾ നോട്ടിഫൈ ചെയ്യുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കിയത്. ആ പിശക് തിരുത്തണമെന്നുള്ള താണ് ഏറ്റവും അടിയന്തരമായ ആവശ്യം. റിമോട്ട് സെൻസിംഗ് ഉപയോഗിച്ച് നടത്തിയ സർവ്വേയാണ് ഈ അപാകതയ്ക്ക് കാരണമെന്ന് അദ്ദേഹം തന്നെ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. കേരളത്തിലെ 123 വില്ലേജുകളിൽ ഇടുക്കി യിലെ 64 വില്ലേജുകളിൽ 47 വില്ലേജുകൾ, ഒരു ജില്ല പൂർണ്ണമായും പരി സ്ഥിതിലോല പ്രദേശമായി മാറിയാൽ അവിടെ ജനജീവിതം ദുസ്സഹമാകും കൃഷിയും കൃഷിക്കാവശ്യമായിട്ടുള്ള നിലപാടുകളും സ്വീകരിക്കാൻ കഴിയാ തെവരുന്ന ഇത്തരമൊരു സ്ഥിതിവിശേഷം വളരെ ഗൗരവത്തോടുകൂടി ഈ സഭ ചർച്ചചെയ്യപ്പെടുമെന്ന് കരുതുകയാണ്. പരിസ്ഥിതിയെ സ്നേഹിക്കുന്നവ രാണ് കർഷകർ. പരിസ്ഥിതിക്ക് അനുകൂലമായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നത് കർഷകരാണ്. അതുകൊണ്ടുതന്നെ ഈ വിഷയം വളരെ പ്രധാനപ്പെട്ടതും

സങ്കീർണ്ണവുമാണ്. ഇന്ന് ഫോറസ്റ്റ് സംരക്ഷണം ദേശീയ ശരാശരിയേക്കാൾ കൂടുതൽ നടക്കുന്നത് കേരളത്തിലാണ്. വനസംരക്ഷണത്തിന്റെ ദേശീയ ആവറേജ് 19.1 ശതമാനമാണെങ്കിൽ സംസ്ഥാനത്ത് അത് 29.8 ശതമാനമാണ്. കൃഷിക്ക് ഉപയുക്തമാക്കത്തക്ക വിധത്തിൽ വനത്തെ സംരക്ഷിക്കുകയും മരങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്യുന്നവരാണ് കർഷകർ. അവരുടെ ജീവിതമാണ് ഇന്ന് ദുസ്സഹമായിരിക്കുന്നത്. ഒരു ചതുരശ്ര കിലോ മീറ്ററിൽ നൂറിലധികം ജനസാന്ദ്രതയുണ്ടെങ്കിൽ അതിനെ ഇ.എഫ്.എൽ. ആയി പരിഗണിക്കുകയില്ലെന്ന് കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പ്രാഥമിക ഘട്ടത്തിൽ പരാമർശിക്കുന്നുണ്ടെങ്കിലും ആ റിപ്പോർട്ടിന്റെ അവസാനഘട്ടത്തിലേയ്ക്ക് വന്നപ്പോൾ വില്ലേജുകൾ നോട്ടിഫൈ ചെയ്യുവാനുള്ള തീരുമാനമെടുത്ത് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ 200-800 വരെ ജനവാസമുള്ള പ്രദേശങ്ങളെ ഇ.എഫ്.എൽ. ആയി പരിഗണിച്ച് കൊണ്ടുവന്നിട്ടുള്ള വിഷയമാണിത്. ഇത് അതീവ ഗുരുതരമായിട്ടുള്ളൊരു പ്രശ്നമാണ്. അതോടൊപ്പംതന്നെ വളരെ പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം, റബ്ബർ, കാപ്പി, തേയില തുടങ്ങിയ നാണ്യവിളകൾക്ക് ഏകവിള നിരോധനം ബാധിക്കുകയില്ലെന്ന് സർക്കാർ വ്യക്തമായ നിലപാട് കർഷകരെ അറിയിക്കുകയും അവരുടെ ആശങ്ക അകറ്റേണ്ടതായിട്ടുമുണ്ട്. കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് കേരളത്തിൽ ധാരാളം ബഹുജന സമരങ്ങളും, പ്രക്ഷോഭങ്ങളും നടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും മുഖ്യമന്ത്രി വിളിച്ചുചേർത്ത ആൾ പാർട്ടി മിറ്റീംഗിൽ എല്ലാ രാഷ്ട്രീയ കക്ഷികളും ഈ തീരുമാനം മാറ്റേണ്ടതാണെന്ന് അറിയിക്കുകയും വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ചെയ്തു. ആ വിദഗ്ദ്ധസമിതി ഇടുക്കി ഉൾപ്പെടെയുള്ള മലയോര പ്രദേശങ്ങളിൽ വന്ന് നേരിട്ട് ഈ വിഷയം

പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി നൽകിയിരിക്കുന്ന റിപ്പോർട്ട് ഇടുക്കിയിലേതെന്നുമാത്രമല്ല, കേരളത്തിലെ ജനങ്ങളാകെ പൂർണ്ണമായി സ്വാഗതം ചെയ്യുമെന്നു തന്നെയാണ് കരുതുന്നത്.

ഫീൽഡ് സർവ്വേ നടത്താൻ അവർക്ക് കഴിഞ്ഞതുകൊണ്ടാണ് അത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ കഴിഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...........

ശ്രീ. റോഷി അഗസ്റ്റിൻ: ഇന്ന് പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള സമിതിയുടെ ഷിഫ്റ്റിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. ഫീൽഡ്തല സർവ്വേ പൂർത്തീകരിച്ച് ജനവാസകേന്ദ്രങ്ങളെ മാറ്റി നിർത്തി പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുള്ള നിയമമാണ് ആവശ്യമായിട്ടുള്ളത്. ഇ.എഫ്.എൽ. നിയമത്തിന്റെ ആവശ്യകത ഇനിയില്ല. ഇ.എഫ്.എൽ പൂർണ്ണമായും പിൻവലിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതോടൊപ്പംതന്നെ ഈ നിയമം നിലനിൽക്കുന്നത് ഇടുക്കി പോലെയുള്ള പ്രദേശങ്ങളിൽ പട്ടയം കൊടുക്കുന്നതിന് തടസ്സമാകും.

മി. ഡെപ്യൂട്ടി സ്പീക്കർ: റോഷീ............പ്ലീസ് കൺക്ലൂഡ്....... Please resume your seat.

ശ്രീ. റോഷി അഗസ്റ്റിൻ: അതുകൊണ്ട് 01–01–1977 –ന് മുമ്പ് ഭൂമി കൈവശമുള്ള കൃഷിക്കാർക്ക് പട്ടയം നൽകുന്നതിനും ഈ തീരുമാനം ആവശ്യമായിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ.......

ശ്രീ. റോഷി അഗസ്റ്റിൻ: വളരെ ഗൗരവമുള്ള ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ, ആ നിലയിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 13–01–2013–ൽ പുറത്തിറക്കിയ ഉത്തരവ് അടിയന്തരമായി പിൻവലിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷനാണ്. 5 മിനിറ്റായി. പ്ലീസ്....Please resume your seat.

ശ്രീ. റോഷി അഗസ്റ്റിൻ: ഈ ഉത്തരവ് നിലനിൽക്കുന്ന കാലമത്രയും 123 വില്ലേജുകളും ഇതിന്റെ പരിധിയിൽപ്പെടുകയും ജനവാസ കേന്ദ്രങ്ങളെല്ലാം ഇ.എഫ്.എൽ. ന്റെ പരിധിയിൽപ്പെടുന്ന സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്യും. പ്രധാനമന്ത്രി കേരളത്തിൽ വന്ന് നടത്തിയ പരാമർശത്തിലും ക്യാബിനറ്റിന് കൊടുത്ത ഉറപ്പിലും ഞങ്ങൾ പരിപൂർണ്ണ വിശ്വാസത്തിലാണ്. തീർച്ചയായും അത്തരം കാര്യങ്ങളൊക്കെ വിശ്വസിക്കുമ്പോഴും മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ആശങ്ക അകറ്റാൻ പരിപൂർണ്ണമായും ഈ സഭയുടെ സമ്മേളന സമയത്ത് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും തീർച്ചയായും ഈ വിഷയത്തിൽ ഗൗരവപൂർവ്വമായ സമീപനം സ്വീകരിച്ചുകൊണ്ട് ഈ സഭയിൽ ഇതിന് മറുപടി തരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ പ്രശ്നം വളരെ സങ്കീർണ്ണമായതുകൊണ്ടും കേരള ജനസമൂഹം മൊത്തത്തിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയമായതുകൊണ്ടും കഴിഞ്ഞ രണ്ടുമൂന്ന് ആഴ്ചക്കാലമായി കേരളത്തിൽ കുറെ അസ്വസ്ഥത ഇതിന്റെ പേരിൽ ഉണ്ടായതുകൊണ്ടും മറുപടി പറയാൻ അൽപ്പസമയം അങ്ങ് അനുവദിക്കണമെന്ന് ആദ്യമായി

ഓർമ്മിപ്പിക്കുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപങ്ങളിൽ മുഖ്യമായത് അന്യസംസ്ഥാനങ്ങൾക്ക് പൊതുവിൽ ബാധകമാക്കിയ മാനദണ്ഡങ്ങൾ കേരളത്തിന് ബാധകമാക്കിയിട്ടില്ല എന്നതാണ്. അവയിൽ ഏറ്റവും പ്രധാനമായത് ജനസാന്ദ്രതയെ അടിസ്ഥാനമാക്കിയുള്ള പരിസ്ഥിതിലോല പ്രദേശ നിർണ്ണയമാണ്. ചതുരശ്ര കിലോമീറ്ററിൽ ജനസാന്ദ്രത നൂറിൽക്കൂടിയ പ്രദേശങ്ങൾ സാംസ്ക്കാരിക ഭൂപ്രദേശമായി (cultrural landscape) നിശ്ചയിച്ചപ്പോൾ ഈ മാനദണ്ഡം പുലർത്തുന്ന കേരളത്തിലെ ജനാധിവാസ മേഖലകൾ പ്രകൃതിഭംഗിയുള്ള ഭൂപ്രദേശങ്ങളാക്കിയാണ് ലാൻഡ് സ്കേപ്പ് ചെയ്തത്. റിമോട്ട് സെൻസിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ചതുമൂലവും തോട്ടങ്ങളും ഏലത്തോട്ടങ്ങളും പോലുള്ള ജനവാസ പ്രദേശങ്ങൾ ഉപഗ്രഹങ്ങളിലൂടെ വനമായി ചിത്രീകരിക്കാൻ ഇടയായതുമൂലവും ജനവാസമേഖലകൾ പരിസ്ഥിതിലോല പ്രദേശമാക്കിയിട്ടുണ്ട്. ഇത്തരം മറ്റ് സാങ്കേതിക പോരായ്മകൾ ചൂണ്ടിക്കാട്ടാനും പരിസ്ഥിതിലോല പ്രദേശങ്ങളിലെ 123 വില്ലേജുകളിലെ ജനപ്രതിനിധികൾ, ഈ വിഷയത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ജനകീയ സമിതികൾ, പരിസ്ഥിതി സംഘടനകൾ, കർഷക സംഘടനകൾ എന്നിവരുടെ അഭിപ്രായം ആരാഞ്ഞ് ഇവ കൂടി പരിഗണിച്ച് കരട് വിജ്ഞാപനം സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രൂപീകരിക്കുന്നതിനാവശ്യമായ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ആ വിദഗ്ദ്ധ സമിതി ഇപ്പോൾ ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ട് അതേപടി നടപ്പാക്കണമെന്ന നിലപാടല്ല സംസ്ഥാനത്തിനുള്ളത്. വിദഗ്ദ്ധ സമിതി രൂപീകരിച്ചിരിക്കുന്നത് ശുപാർശകൾ നടപ്പാക്കാ

നുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനുമല്ല. റിപ്പോർട്ടിന്റെ അസ്വീകാര്യതയും അശാസ്ത്രീയമായ കാര്യങ്ങളും എതിരഭിപ്രായമുള്ളവരുടെ കാര്യങ്ങളും അവരുമായി നേരിട്ട് കൂടിയാലോചിച്ച് സാധാരണ ജനങ്ങൾക്ക് പ്രതിബന്ധങ്ങളൊന്നുമുണ്ടാകാത്ത രീതിയിൽ പശ്ചിമഘട്ടത്തിലെ സംരക്ഷിക്കേണ്ട പ്രദേശങ്ങളെ വേർതിരിച്ച് നിർത്തി സംരക്ഷിക്കുന്നതിനാണ് സമിതി രൂപീകരിച്ചിരിക്കുന്നത്. സമിതി രൂപീകരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എടുത്ത മനോഭാവത്തിന്റെ ഒരു വിശദീകരണമാണ് അത്. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് ജനങ്ങൾക്കിടയിലുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് താഴെക്കാണുന്ന നടപടികളാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്.

കസ്തൂരി രംഗൻ കമ്മിറ്റിയുടെ ശുപാർശകൾ അറിഞ്ഞപ്പോൾത്തന്നെ അതിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കണക്കിലെടുക്കാതെ അന്തിമ തീരുമാനമെടുക്കരുതെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു. കൂടാതെ ആശുപത്രികൾ റെഡ് ഇൻഡസ്ട്രീസ് ആയതിനാൽ പരിസ്ഥിതിലോല മേഖലയിലെ ചുവപ്പുവിഭാഗ വ്യവസായ നിയന്ത്രണത്തിൽ നിന്ന് ആശുപത്രികളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുചേർത്ത് അവരുടെ അഭിപ്രായമറിഞ്ഞു. അതേത്തുടർന്ന് റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ചും കേന്ദ്ര സർക്കാർ പുറപ്പെടുവിക്കാനുള്ള വിശദമായ വിജ്ഞാപനത്തിന്റെ ആവശ്യത്തിനായും റിപ്പോർട്ടിലെ ശുപാർശകൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ശുപാർശ സമർപ്പിക്കാനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ, സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ എക്സിക്യൂട്ടീവ് എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചു. അത് ഇമ്മീഡിയറ്റായി

ഗവൺമെന്റ് ചെയ്ത കാര്യമാണ്. ജനങ്ങളുടെ ആശങ്കകൾ പരിഗണിക്കുന്നതിനായും അതതിടങ്ങളിലെ യഥാർത്ഥ പാരിസ്ഥിതിക പ്രദേശങ്ങൾ, ജനവാസകേന്ദ്രങ്ങൾ, കൃഷി സ്ഥലങ്ങൾ, തോട്ടങ്ങൾ, 01–01–1977–ന് മുമ്പ് കൈവശാവകാശമുള്ള പ്രദേശങ്ങൾ എന്നിവ ഒഴിവാക്കിയും മാനദണ്ഡങ്ങൾ പാലിക്കുന്ന വനം, കാവുകൾ, മൊട്ടക്കുന്നുകൾ, പാറക്കെട്ടുകൾ, പുൽമേടുകൾ തുടങ്ങി നിലനിർത്തേണ്ടവയെ കണ്ടെത്തി നിർണ്ണയിക്കുന്നതിനുമായി നേരിട്ട് പരിശോധന നടത്തി സർക്കാരിന് ശുപാർശ നൽകുന്നതിനുവേണ്ടി കമ്മിറ്റിയെ നിയോഗിച്ചു. സർക്കാരിന് ശുപാർശ നൽകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സെക്രട്ടറിയായും വില്ലേജ് ഓഫീസർ, ഫോറസ്റ്റ് റേഞ്ച് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളുമായി പരിശോധനാ സമിതിയെ നിയോഗിച്ചിട്ടുണ്ട്. നേരത്തെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പരിഗണിച്ച് അപ്രകാരമുള്ള പരിസ്ഥിതിലോല മേഖലകൾക്ക് അനുമതി നൽകണമെന്നുള്ള ഹരിത ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവുകൾ ഉണ്ടാകുന്നത് പുന:പരിശോധിക്കാൻ നടപടിയെടുത്തു. അതുപ്രകാരം മറ്റ് റിപ്പോർട്ടുകൾ കൂടി പരിഗണിക്കാമെന്ന് ട്രിബ്യൂണൽ ഉത്തരവിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പരിസ്ഥിതിലോല പ്രദേശങ്ങൾ പുനർ നിർണ്ണയിക്കാനും പരാതികൾ കേൾക്കുവാനുമായി വിദഗ്ദ്ധ സമിതി രൂപീകരിച്ച കാര്യവും റിപ്പോർട്ട് കിട്ടിയതിനുശേഷം സമർപ്പിക്കുന്നതിനും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു. കസ്തൂരി രംഗൻ കമ്മിറ്റിയുടെ ശുപാർശകൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്തുണ്ടായിട്ടുള്ള ഭയാശങ്കകൾ കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് സഹമന്ത്രിയെ ബഹുമാനപ്പെട്ട

മുഖ്യമന്ത്രി നേരിൽ കണ്ടും ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. തുടർന്ന് നടത്തിയ ശ്രമത്തിന്റെ ഫലമായിട്ടാണ് സംസ്ഥാന സർക്കാരുകളെക്കൂടി വിശ്വാസത്തിലെടുത്ത് പരിസ്ഥിതിലോല പ്രദേശങ്ങൾ നിർണ്ണയിക്കാമെന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. കസ്തൂരി രംഗൻ കമ്മിറ്റി ശുപാർശയിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് 27-12-2013-ൽ നടന്ന പാർലമെന്റ് അംഗങ്ങളുടെ സമ്മേളനത്തിൽ സർക്കാർ വിശദീകരിക്കുകയും ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ അകറ്റാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അതോടൊപ്പംതന്നെ ഇവിടെ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി കേരളത്തിൽ സന്ദർശനം നടത്തിയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ ആശങ്കകൾ അറിയിച്ചു. കേരളത്തിൽ ഇതുവരെയുണ്ടായിരുന്ന പശ്ചാത്തലത്തെക്കുറിച്ച് ബോധ്യപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങളുണ്ടാകുമെന്നുള്ള പ്രതീക്ഷയിലാണ് സംസ്ഥാന സർക്കാർ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): വകുപ്പ് മന്ത്രി എല്ലാ കാര്യങ്ങളും വിശദമായി പറഞ്ഞു. എനിക്ക് ഒറ്റ സെന്റൻസേ പറയാനുള്ളൂ. ഇത് സംബന്ധിച്ച് ഒരു ആശങ്കയും വേണ്ട. ഇത് ഗവൺമെന്റ് പലവട്ടം പറഞ്ഞുകഴിഞ്ഞു. പക്ഷേ സംശയങ്ങളും ആശങ്കകളും ഇപ്പോഴും നിലനിൽക്കുകയാണ്. അതിന്റെ ഒരു ആവശ്യവുമില്ല. ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന നിലപാട് മാത്രമേ സ്വീകരിക്കുകയുള്ളൂ.

ശ്രീമതി ഇ.എസ്. ബിജിമോൾ: .................(മൈക്ക് ഓഫ്).................

ശ്രീ. ഉമ്മൻചാണ്ടി: ജനങ്ങളെ ബുദ്ധിമുട്ടിക്കുകയോ പ്രശ്നങ്ങൾ സൃഷ്ടിക്കുകയോ ചെയ്യുന്നവർക്കെതിരെ കർശന നടപടിയെടുക്കും.

ശ്രീ. റോഷി അഗസ്റ്റിൻ: ......(മൈക്ക് ഓഫ്)..................

ശ്രീ. ഉമ്മൻചാണ്ടി: അത് എത്രയും വേഗം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ മതി. ബഹുമാനപ്പെട്ട രണ്ട് മെമ്പർമാർ പറഞ്ഞ സ്ഥിതിക്ക്, ഇന്നുതന്നെ അതൊന്ന് എഴുതി തന്നാൽ വേണ്ട നടപടി എടുക്കാം.

**കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ തസ്തികയിലെ നിയമനം**

ശ്രീ. ടി. വി. രാജേഷ്: സർ, കെ.എസ്.ആർ.ടി.സി. ഈ കഴിഞ്ഞ സെപ്തംബർ 5-ാം തീയതി 9316 റിസർവ് കണ്ടക്ടർമാർക്ക് അഡ്വൈസ് മെമ്മോ നൽകുകയുണ്ടായി. എന്നാൽ അഡ്വൈസ് മെമ്മോ നൽകി നാലുമാസം കഴിഞ്ഞിട്ടും നിയമന ഉത്തരവ് നൽകാത്ത അസാധാരണമായ ഒരു സാഹചര്യം നിലനിൽക്കുകയാണ്. ആയിരക്കണക്കിന് വരുന്ന അഡ്വൈസ് മെമ്മോ കൈപ്പറ്റിയവർ വേഴാമ്പലിനെപ്പോലെ നിയമനത്തിന് കാത്തുനിൽക്കുന്ന സാഹചര്യം ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. സാധാരണനിലയിൽ നിയമന ശുപാർശ നൽകിക്കഴിഞ്ഞാൽ മൂന്നുമാസത്തിനകം നിയമനം നൽകണമെന്നാണ് വ്യവസ്ഥ. എന്നാൽ ഇവിടെ നാലുമാസം കഴിഞ്ഞു. 9316 പേർക്ക് നിയമന ശുപാർശ നൽകുകയുണ്ടായിയെങ്കിലും 1000 പേർക്ക് മാത്രമാണ് ഇതുവരെ നിയമന ഉത്തരവ് നൽകിയിട്ടുള്ളത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ പിഴവ് സംഭവിച്ചുവെന്നാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. പറയുന്നത്. അത് വസ്തുതകൾക്ക് നിരക്കുന്നതല്ല. 2011 നവംബർ 25-ാം തീയതി

കെ.എസ്.ആർ.ടി.സി. 9016 റിസർവ് കണ്ടക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. അഡ്വൈസ് മെമ്മോ കൈപ്പറ്റിയിട്ടും ഇവിടെ നിയമനം നൽകാത്ത ഒരു സാഹചര്യമാണുള്ളത്. കഴിഞ്ഞ ദിവസം കേരളത്തിലെ യുവജന സംഘടനകളും ഉദ്യോഗാർത്ഥികളും ശക്തമായി ഇതിനെതിരെ രംഗത്തുവന്നു. പ്രതിഷേധവുമായി രംഗത്തുവന്ന സാഹചര്യ ത്തിൽ മാത്രമാണ് 9316 പേരിൽ 1000 പേർക്ക് നിയമനം നൽകാൻ കെ.എസ്.ആർ.ടി.സി. തയ്യാറായത്. കേരളത്തിന്റെ ചരിത്രത്തിൽ രണ്ടുവർഷം കൊണ്ട് 82000 ആളുകൾക്ക് നിയമനം കൊടുത്തുവെന്ന് അന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ ചരിത്രത്തിൽ 9316 പേർക്ക് അഡ്വൈസ് മെമ്മോ കൊടുത്ത് നാലുമാസം കഴിഞ്ഞിട്ടും അപ്പോയിന്റ്മെന്റ് ഓർഡർ കൊടുക്കാത്തതിന്റെ യുക്തി എന്താണെന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പു മന്ത്രിയും മുഖ്യമന്ത്രിയും വിശദീകരിക്കേണ്ടതുണ്ട്. ഇവിടെ ഉദ്യോഗാർത്ഥി കളെ വഞ്ചിക്കുകയാണ്. ആയിരക്കണക്കിന് ആളുകൾ ഇന്ന്, നാളെ, മറ്റെ ന്നാൾ നിയമന ഉത്തരവ് കിട്ടുമെന്ന പ്രതീക്ഷയോടെ കാത്തുനിൽക്കുക യാണ്. അവരുടെ പ്രതീക്ഷകളെ തകിടം മറിക്കരുത്, അവരെ കൊടുംനിരാശ യിലേയ്ക്ക് തള്ളിവിടരുത്, അവരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടരുത്. കെ.എസ്.ആർ.ടി.സി.-യിൽ നിയമന ഉത്തരവ് നൽകിയിട്ടുള്ള 9316 ആളു കൾക്ക് നിയമനം കൊടുക്കാതിരിക്കുമ്പോഴാണ് ഈ കഴിഞ്ഞ 30-ാം തീയതി നിലമ്പൂർ ഡിപ്പോയിൽ ഒരു കണ്ടക്ടറെ എം-പാനലിൽ നിയമിച്ചിരിക്കുന്നത്. (ഓർഡർ ഉയർത്തിക്കാണിച്ചു). അതിന്റെ ഓർഡറാണ് ഞാൻ ഇവിടെ കാണിക്കുന്നത്. എന്താണ് പി.എസ്.സി. പറയുന്നത്? പി.എസ്.സി. റാങ്ക് ലിസ്റ്റു ണ്ടെങ്കിൽ എം-പാനലിൽ കരാറടിസ്ഥാനത്തിൽ കണ്ടക്ടർമാരെ നിയമിക്കാൻ

പാടില്ലായെന്നാണ് കെ.എസ്.ആർ.ടി.സി. ചട്ടം പറയുന്നത്. ആ ചട്ടം ലംഘിച്ചു കൊണ്ടാണ് മന്ത്രിയുടെ അറിവോടുകൂടി, മന്ത്രിയുടെ നിർദ്ദേശപ്രകാരം മലപ്പുറത്ത് എം-പാനലിൽ കണ്ടക്ടർക്ക് നിയമനം കൊടുത്തിരിക്കുന്നത്. The appointment is purely on m-panel basis and will terminate when permanent hands are recruited through KPSC എന്നാണ് ചട്ടം പറയുന്നത്. ഈ ചട്ടം ഇവിടെ ലംഘിച്ചിരിക്കുകയാണ്. അതുകൊണ്ട് 9316 ആളുകൾക്ക് നിയമനം നൽകുവാനുള്ള നടപടിയുണ്ടാകണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോടും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയോടും ആവശ്യപ്പെടുകയാണ്.

വനവും ഗതാഗതവും പരിസ്ഥിതിയും കായികവും സിനിമയും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പറഞ്ഞതിൽ കുറേ സത്യങ്ങളുണ്ട്. സ്ഥിരമായി ഓടിക്കൊണ്ടിരിക്കുന്ന ഷെഡ്യൂളുകൾക്ക് പകരം പല കാരണങ്ങളാൽ ഒരിക്കലും ഓടാത്തതും സ്ഥിരമായി കാൻസൽ ചെയ്തതുമായ ഷെഡ്യൂളുകൾകൂടി ചേർത്ത് തെറ്റായിട്ടാണ് അറിയിച്ചതെന്നാണ് ഡിപ്പാർട്ടുമെന്റിൽനിന്ന് എനിക്ക് കിട്ടിയിരിക്കുന്ന മറുപടി. 5-09-2013-ന് ആകെ 9300 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. അങ്ങ് അത് പറഞ്ഞത് യാഥാർത്ഥ്യമാണ്. അതിന്റെ കാൽക്കുലേഷനിൽ ഒരു മിസ്റ്റേക്ക് പറ്റി. കാൽക്കുലേഷനിൽ സ്ഥിരമായി നിർത്തിയ ഷെഡ്യൂളുകൾ സഹിതമെടുത്ത് അതെല്ലാംകൂടി ചേർത്ത് അതിന്റെ അടിസ്ഥാനത്തിലുണ്ടാകാൻ സാധ്യതയുള്ള എല്ലാ ഒഴിവുകളുംകൂടി ചേർത്താണ് റിപ്പോർട്ട് ചെയ്തത്. പക്ഷേ പരിശോധിച്ചപ്പോൾ അത്രയും ഒഴിവുകളില്ല. പബ്ലിക് സർവ്വീസ്

കമ്മീഷൻ 5-09-2013-ന് 9300 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് അടക്കമുള്ള 5000 ഉദ്യോഗാർത്ഥികളുടെ രേഖകൾ 21-11-2013-ലാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമായത്. അതു പ്രകാരം എത്രയുംവേഗം നടപടികൾ പൂർത്തിയാക്കി 23-12-2013 മുതൽ പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിത്തുടങ്ങിയിട്ടുണ്ട്. 23-12-2013-ൽ ആദ്യഘട്ടമായി 1000 റാങ്കുവരെയുള്ളവർക്ക് നിയമന ഉത്തരവ് നൽകിക്കഴിഞ്ഞു. അവശേഷിക്കുന്ന 2808 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി നടക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ മറുപടി പറയട്ടേ..........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞ് വരുന്നതിനിടയിൽ ഒരു സംശയമുണ്ട്. പി.എസ്.സി.-യുടെ അഡ്വൈസ് മെമ്മോ കൊടുത്തുകഴിഞ്ഞാൽ പിന്നെ എം-പാനലിൽനിന്ന് ആളിനെ എടുക്കാൻ പാടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ വന്നുപെട്ടതെന്താണെന്നുള്ളത് ഞാൻ പരിശോധിക്കാം. എനിക്ക് ഡിപ്പാർട്ടുമെന്റിൽനിന്ന് കിട്ടിയിട്ടുള്ള ഒരു മറുപടിയുണ്ട്. 9300 ഒഴിവുകളുണ്ടെന്നാണ് പി.എസ്.സി. -യെ അറിയിച്ചത്. പക്ഷേ അത് കാൽക്കുലേറ്റ് ചെയ്തതിൽ മിസ്റ്റേക്ക് വന്നിട്ടുണ്ട്. സ്ഥിരമായി നിർത്തലാക്കിയ ഷെഡ്യൂൾകൂടി കൂട്ടിയിട്ടാണ് 9300 ഒഴിവുകൾ വന്നത്. ഇപ്പോൾ യഥാർത്ഥത്തിൽ 3808 വേക്കൻസികളേയുള്ളൂ. ആ വേക്കൻസികളിലേയ്ക്ക് ആളിനെ എടുത്തുകൊണ്ടിരിക്കുകയാണ്. നേരത്തെ പറഞ്ഞത് ശരിയാണ്. അതിൽ 1000 ആളുകളെയാണ് എടുത്തി

ട്ടുള്ളത്. ഇനി 2808 ആളുകളെക്കൂടി എടുക്കുകയും ചെയ്യും. പക്ഷേ 9300 എന്നുപറഞ്ഞ പഴയൊരു കണക്കാണ് ഇവർ ഇവിടെ ഉദ്ധരിച്ചത്. അതിൽ എന്താണ് പ്രശ്നമുള്ളതെന്ന് ഞാൻ പരിശോധിക്കാം. എം–പാനലുകാർ വേണ്ട, അവരെയൊക്കെ പിരിച്ചുവിടണമെന്ന ഒരു സമീപനമെടുക്കാൻ സാധിക്കുമോ? അങ്ങ് പഴയ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരുന്നതു കൊണ്ട് ഞാൻ ചോദിക്കുകയാണ്. എല്ലാവരുടെ കാലത്തും എം–പാനലു കാരെ എടുത്തിട്ടുണ്ട്. അതുവേണ്ട, ഇനി പിരിച്ചുവിടാം എന്നൊരു തീരുമാന മെടുക്കാൻ സാധിക്കുമോ?

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞങ്ങളുടെ കാലത്തും എടുത്തിട്ടുണ്ട്. അഡ്വൈസ് മെമ്മോയുള്ളപ്പോൾ അഡ്വൈസ് മെമ്മോയിൽനിന്ന് ആളെ എടുക്കാതെ എം.–പാനലായി ആളെ എടുക്കുന്നുവെന്നുള്ളതാണ് ഇവിടെ ഉന്നയിച്ച വിഷയം.

മി. ഡെപ്യൂട്ടി സ്പീക്കർ: അതാണ് മിനിസ്റ്റർ അന്വേഷിക്കാമെന്ന് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഓപ്പൺ വേക്കൻസിക്ക് എഗെയിൻസ്റ്റായി എടുക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഡ്വൈസ് അനുസരിച്ചാണ്. ഓപ്പൺ വേക്കൻസിയില്ലെങ്കിൽ അഡ്ഹോക്ക് അറേഞ്ചു മെന്റ് എന്നുള്ള നിലയിലാണ് എം–പാനൽ നിൽക്കുന്നത്. അങ്ങേയ്ക്ക് ഇതൊക്കെ അറിയാമല്ലോ.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന് ബഹുമാനപ്പെട്ട മിനിസ്റ്റർ അന്വേഷി ക്കാമെന്ന് ആദ്യമേ മറുപടി പറഞ്ഞു.

എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പ്

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, നമ്മുടെ സംസ്ഥാനത്ത് പ്രാഥമിക വിദ്യാഭ്യാസം വളരെ സാർവ്വത്രികമായതിനുശേഷം നിലവാരം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ എല്ലാ ഭാഗത്തും നടന്നുകൊണ്ടിരിക്കുകയാണ്. എൽ.പി. സ്കൂൾ കുട്ടികൾക്കും യു.പി. സ്കൂൾ കുട്ടികൾക്കും സ്കോളർഷിപ്പ് പരീക്ഷ നടത്താറുണ്ട്. ഈ പരീക്ഷയിൽ പാസ്സാകുന്ന കുട്ടികൾക്ക് വലിയ അംഗീകാരമാണ് പൊതുവേ കിട്ടിവരുന്നത്. നിർഭാഗ്യവശാൽ അവർക്ക് കൊടുക്കുന്ന സ്കോളർഷിപ്പ് തുക 100, 150 രൂപയാണ്. ഒരു പുസ്തകം വാങ്ങാൻപോലും ഇത് തികയുകയില്ല. നേരത്തെ ഇത് ശ്രീ. ഉമ്മർ ഇവിടെ സബ്മിഷനായി ഉന്നയിച്ചിരുന്നതാണ്. അന്ന് അനുകൂലമായ മറുപടിയുണ്ടായെങ്കിലും ഇതുവരെ ഒരു തീരുമാനമുണ്ടായിട്ടില്ല. അതുകൊണ്ട് ഈ സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ച് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് അടിയന്തിര നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുന്നതിനാണ് ഈ സബ്മിഷൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സംസ്ഥാന സിലബസ്സിൽ 5, 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 100 രൂപ ക്രമത്തിൽ എൽ.എസ്.എസ്.(ലോവർ സെക്കൻഡറി സ്കോളർഷിപ്പ്), 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 150 രൂപ ക്രമത്തിൽ യു.എസ്.എസ്. (അപ്പർ സെക്കൻഡറി സ്കോളർഷിപ്പ്) എന്നിങ്ങനെയാണ് ഇപ്പോൾ നൽകിവരുന്നത്. നാലാം ക്ലാസ്സിൽ പഠിക്കുന്ന, എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് നേടിയ കുട്ടികളാണ് എൽ.എസ്.എസ്. പരീക്ഷ എഴുതുന്നത്. അതിൽ വിജയികളാകുന്ന കുട്ടികൾക്ക് 5, 6, 7 ക്ലാസ്സുകളിൽ 100 രൂപ

വാർഷിക സ്കോളർഷിപ്പ് നൽകുന്നു. ഇതുപോലെ ഏഴാം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് നേടിയ കുട്ടികളാണ് യു.എസ്.എസ്. പരീക്ഷ എഴുതുന്നത്. അതിൽ വിജയികളാകുന്ന കുട്ടികൾക്ക് 8, 9, 10 ക്ലാസ്സുകളിൽ 150 രൂപ വാർഷിക സ്കോളർഷിപ്പ് നൽകുന്നു. 1996 മുതലാണ് ഈ നിരക്ക് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. ഇതനുസരിച്ച് മാതാപിതാക്കളുടെ വാർഷിക വരുമാനം 12,000 രൂപയിൽ കവിയാൻ പാടില്ലായെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പ് തുക 500 രൂപയെങ്കിലുമായി വർദ്ധിപ്പിക്കണമെന്ന് കേരള സ്റ്റേറ്റ് കരിക്കുലം കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശുപാർശയനുസരിച്ച് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ 500 രൂപയായും രക്ഷകർത്താവിന്റെ വാർഷിക വരുമാന പരിധി 50,000 രൂപയായും വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചുവരികയാണ്. പ്രസ്തുത വർദ്ധനവുവഴി സർക്കാരിന് ഏകദേശം 75 ലക്ഷം രൂപയുടെ അധിക ബാധ്യതയുണ്ടാകുന്നതാണ്.

## പാലക്കാട് - ചെർപ്പുളശ്ശേരി - പെരിന്തൽമണ്ണ റോഡ്

ശ്രീമതി. കെ. എസ്. സലീഖ : സർ, പാലക്കാട് - ചെർപ്പുളശ്ശേരി - പെരിന്തൽമണ്ണ റോഡ് സ്റ്റേറ്റ് ഹൈവേയായി അംഗീകരിക്കപ്പെട്ടിട്ട് വളരെ വർഷങ്ങളായി. പാലക്കാട്ട് നിന്നും പെരിന്തൽമണ്ണയിൽ എത്തുന്നതിനുള്ള ഏറ്റവും ദൂരം കുറഞ്ഞതും ഏറ്റവും പ്രധാനപ്പെട്ടതുമായ റോഡാണിത്. പാലക്കാട് ജില്ലയിലെ മലമ്പുഴ, കോങ്ങാട്, ഒറ്റപ്പാലം, ഷൊർണൂർ തുടങ്ങിയ

മണ്ഡലങ്ങളിലൂടെ ഇത് കടന്നുപോകുന്നു. ഈ റോഡ് ഇന്നേവരെ വീതി കൂട്ടി റബ്ബറൈസ്ഡ് ചെയ്തിട്ടില്ല. ഇന്ന് വല്ലാത്ത ഒരു ദുരന്തമായി കിടക്കുകയാണത്. സ്റ്റേറ്റ് ഹൈവേയായി അംഗീകരിക്കപ്പെട്ടിട്ട് ഇങ്ങനെ ശോചനീയാവസ്ഥയിൽ കിടക്കുന്ന മറ്റൊരു റോഡ് നമ്മുടെ സ്റ്റേറ്റിൽ ഉണ്ടാകില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഇതിനപ്പുറത്ത് മലപ്പുറം ജില്ലയുടെ ഭാഗം വളരെ നേരത്തെ തന്നെ റബ്ബറൈസ്ഡ് ചെയ്തുകഴിഞ്ഞിട്ടുള്ളതുമാണ്. മലപ്പുറം ജില്ലയിലെ റോഡുകളെ മറ്റ് റോഡുകളുമായി താരതമ്യം ചെയ്യാൻ പറ്റില്ല. അവിടത്തെ ഗ്രാമീണ റോഡുകൾ ഉൾപ്പെടെ റബ്ബറൈസ്ഡ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. പക്ഷേ പാലക്കാട് ജില്ലയിൽ 36 കി. മീ. ദൂരം വരുന്ന റോഡ് വളരെ ശോചനീയമായ സ്ഥിതിയിൽ കിടക്കുകയാണ്. ഇവിടെ ഭരണാനുമതിക്കുവേണ്ടി മൂന്ന് പാർട്ടായിട്ട് ഏകദേശം 30 കോടി രൂപ ചെലവ് വരുന്ന എസ്റ്റിമേറ്റ് സമർപ്പിച്ചിട്ട് ഇതുവരെ കിട്ടിയിട്ടില്ല. ഏറ്റവും അവസാനമിപ്പോൾ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താല്പര്യമെടുത്ത് സ്റ്റേറ്റ് ഹൈവേയായി അംഗീകരിക്കപ്പെട്ട ഈ റോഡിനെ റബ്ബറൈസ്ഡ് ചെയ്ത് മറ്റ് റോഡുകൾ പോലെയാക്കി തീർക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഇവിടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) സർ, പാലക്കാട് – ചെർപ്പുളശ്ശേരി – പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിലെ കച്ചേരിക്കുന്ന് മുതൽ തൂത വരെയുള്ള 5 കിലോമീറ്റർ ബി.എം. & ബി.സി. ചെയ്യുന്നതിന് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ബാക്കി വരുന്ന മുങ്ങൂർ മുതൽ കച്ചേരിക്കുന്നുവരെയുള്ള ഭാഗം ബി.എം. &

ബി.സി. ചെയ്യുന്നതിന് 2014–15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിന്റെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തി റോഡിന്റെ നിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു. ഈ റോഡിലെ കേടുവന്ന ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഇതിനോടകം തന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്

<u>കണ്ടിയൂർ ബൈപ്പാസിന് ഭരണാനുമതി</u>

<u>ശ്രീ. ആർ. രാജേഷ്</u> : സർ, മാവേലിക്കര നിയോജക മണ്ഡലത്തിലെ മാവേലിക്കര – കണ്ടിയൂർ ബൈപ്പാസിന് .ഭരണാനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് മാവേലിക്കര – കണ്ടിയൂർ ബൈപ്പാസ്. ഏറ്റവും രൂക്ഷമായ ഗതാഗത പ്രശ്നം നേരിടുന്ന ഒരു ചെറിയ പട്ടണമാണ് മാവേലിക്കര. എൻ.എച്ച്., എം.സി. റോഡ് തുടങ്ങിയ പ്രധാന റോഡുകൾ കടന്നുപോകാത്തതിനാൽ പട്ടണത്തിന്റെ വികസനം അത്ര വേഗത്തിൽ നടക്കുന്നില്ല. അതുകൊണ്ട് അതിരൂക്ഷമായ ഗതാഗത കുരുക്കാണ് ഈ പട്ടണത്തിനുള്ളത്. 2004-ൽ ഈ ബൈപ്പാസിന് 3.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതാണ്. എന്നാൽ അന്ന് സ്ഥലം പൂർണ്ണമായി ഏറ്റെടുക്കാൻ സാധിക്കാഞ്ഞതിനാൽ അതിന്റെ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല. ഏതാണ്ട് 1500 മീറ്റർ നീളമുള്ള ഈ ബൈപ്പാസിന് 110 മീറ്റർ കടമുറി അടക്കമുള്ള സ്ഥലങ്ങൾ ഫ്രീ സറണ്ടർ ചെയ്യിച്ച് പൂർണ്ണമായി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങ് ഈ വിഷയത്തിന് ഒരു പ്രത്യേക പരിഗണന

കൊടുത്ത് ഈ ബൈപ്പാസിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, മാവേലിക്കര നിയോജക മണ്ഡലത്തിലെ കണ്ടിയൂർ ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടി വിശദമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സർക്കാരിന് നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. അടുത്ത സാമ്പത്തിക വർഷം ഇത് ചെയ്യാവുന്നതാണ്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കർഷകർക്ക് ധനസഹായം

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, 13.6.2013-ൽ ഈ സഭയിൽ ഞാൻ ഉന്നയിച്ച ഒരു സബ്മിഷന് ലഭിച്ചിട്ടുള്ള മറുപടി ഇതുവരെ പ്രാവർത്തികമാക്കാത്ത സാഹചര്യത്തിലാണ് വീണ്ടും അത് ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ലയിൽ 26.4.2013-നുണ്ടായ വലിയ ചുഴലിക്കാറ്റും അതോടനുബന്ധിച്ചുള്ള മഴയും വരുത്തിയ നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന് അന്ന് ഉറപ്പുനൽകിയതാണ്. ഈ സംഭവത്തിന് തൊട്ടടുത്ത ദിവസം തന്നെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഉൾപ്പെടെ പ്രദേശം സന്ദർശിക്കുകയും ഞങ്ങൾ എല്ലാവരും ഒന്നിച്ച് എല്ലാ പ്രദേശങ്ങളും ചുറ്റിക്കാണുകയും ചെയ്തതാണ്. ജില്ലയിലെ ഏതാണ്ട് 17 പഞ്ചായത്തുകളിലും കാഞ്ഞങ്ങാട്, നീലേശ്വരം എന്നീ രണ്ട് മുനിസിപ്പാലിറ്റികളിലുമാണ് വലിയ നാശനഷ്ടം ഉണ്ടായിരിക്കുന്നത്. അതിൽ ആറ് പഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയും എന്റെ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്.

പൂർണ്ണമായ അർത്ഥത്തിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശത്താണ് ഏറ്റവും വലിയ നാശനഷ്ടം ഉണ്ടായത്. സർക്കാർ അതുമായി ബന്ധപ്പെട്ട് കണക്കാക്കിയ 11,39,84,000 രൂപ അടിയന്തരമായി വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി 13.6.2013-ൽ സഭയിൽ നൽകിയ ഉറപ്പ് ഇതുവരെ പ്രാവർത്തികമാക്കാത്ത സാഹചര്യത്തിലാണ് അതുമായി ബന്ധപ്പെട്ട വിഷയം വീണ്ടും ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ഈ സബ്മിഷനെ തുടർന്നെങ്കിലും അടിയന്തരമായി ആ തുക നാശനഷ്ടം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക് നൽകാൻ ആവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കാഞ്ഞങ്ങാട് മണ്ഡലത്തിൽ 26.4.2013 -ലെ കനത്ത മഴയിലും ചുഴലിക്കാറ്റിലുമുണ്ടായ കൃഷി നാശത്തിന് നഷ്ട പരിഹാരം അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ. 13.6.2013-ന് ഉന്നയിച്ച സബ്മിഷന് നൽകിയ മറുപടിയിൽ തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക്, റബർ എന്നീ നാണ്യവിളകൾക്ക് സംഭവിച്ച കൃഷിനാശത്തിന്റെ തോത് കണക്കാക്കുകയും ചാല ദുരന്തത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ മാതൃകയിൽ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി കൃഷിനാശം സംഭവിച്ച 3,253 കർഷകർക്ക് ധനസഹായം നൽകുന്നതിനായി 11,39,84,000 രൂപയ്ക്കുള്ള നഷ്ടപരിഹാര ക്ലെയിം തയ്യാറാക്കിയിട്ടുണ്ടെന്നും ഇതനുസരിച്ചുള്ള തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരികയാ

ണെന്നും അറിയിച്ചിരുന്നു. 26.4.2013-ന് കാസർഗോഡ് ജില്ലയിൽ വീശിയടിച്ച ചുഴലിക്കാറ്റ് മടിക്കൈ മുതൽ പീലിക്കോട് വരെയുള്ള പ്രദേശങ്ങൾ അടങ്ങുന്ന 14 പഞ്ചായത്തുകളിലുണ്ടാക്കിയ കൃഷി നാശത്തിന് കണ്ണൂർ ചാല ഗ്യാസ് ടാങ്കർ ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച വിളകൾക്ക് അനുവദിച്ചതുപോലെ നഷ്ടപരിഹാരത്തിന് സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്ന പ്രൊപ്പോസൽ പരിശോധിച്ചിരുന്നു. ചുഴലിക്കാറ്റിൽ നാശം സംഭവിച്ച വാഴ, തെങ്ങ്, റബർ, കവുങ്ങ്, കുരുമുളക്, കശുമാവ് എന്നീ വിളകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനാണ് ഇപ്പോൾ 11,39,84,000 രൂപയുടെ പ്രൊപ്പോസൽ നിലവിലുള്ളത്. ഈ നിർദ്ദേശം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടാണ് പരിശോധനയിലുള്ളത്. പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശങ്ങൾക്ക് 12.9.2012-ലെ ജി.ഒ. പ്രകാരം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നുമാണ് ധനസഹായം നൽകുന്നത്. ഇത് ഉടൻ നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്. .

## അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നം

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കാസർഗോഡ് ജില്ല കാർഷിക ഗ്രാമങ്ങൾ കൊണ്ട് സമ്പന്നമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ ഈ ഗ്രാമങ്ങൾക്ക് അനിഷേധ്യമായ സ്ഥാനമാണുള്ളത്. ഈ ഗ്രാമങ്ങൾ നാണ്യവിളകളുടെ പാരമ്പര്യത്തിന്റെ കണ്ണിപൊട്ടാതെ ഉല്പാദിപ്പിക്കുകയും സംസ്കരിക്കുകയും ചെയ്ത് കേരളത്തെ ലോക ശ്രദ്ധയിലേയ്ക്ക് കൊണ്ടുവന്നു. ഈ വളർച്ചയ്ക്ക് പ്രധാന കാരണം നിറഞ്ഞുനിൽക്കുന്ന കമുകിൻ തോപ്പുകളായിരുന്നു. നമ്മുടെ

നാണ്യ വിളകളെയും കാർഷിക വിളകളെയും കീടങ്ങൾ ആക്രമിച്ച് കീഴ്പ്പെടുത്താൻ തുടങ്ങിയപ്പോൾ അടയ്ക്കാ കൃഷിയും കർഷകനും നിലനിൽപ്പിന്റെ പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ തുടങ്ങി. ഈ പ്രശ്നങ്ങൾക്ക് പുറമേ വിലയിടുവും കർഷകന് അഭിമുഖീകരിക്കേണ്ടതായി വരുന്നു. രാജ്യത്ത് അടയ്ക്കാ ഉല്പാദനത്തിന്റെ 70 ശതമാനവും കേരളത്തിൽ നിന്നും കർണാടകയിൽ നിന്നുമാണ്. ഇതിൽ ഗണ്യമായ ഭാഗം കാസർഗോട്ടാണ്. വിലത്തകർച്ചയുടെയും കടക്കെണിയുടെയും നടുവിൽപ്പെട്ട് 2000–2007 കാലയളവിൽ 150–ലേറെ കർഷകരാണ് കേരളത്തിൽ ആത്മഹത്യ ചെയ്തത്. കാസർഗോട്ടും നിരവധി അടയ്ക്കാ കർഷകർ ജീവനൊടുക്കി. ശാസ്ത്രം അഭിവൃദ്ധി പ്രാപിച്ചുവെന്ന് പറയുമ്പോഴും രോഗങ്ങളെ കീഴ്പ്പെടുത്താൻ സാധിക്കാത്ത അവസ്ഥ ഇന്ന് നമ്മുടെ കാർഷിക മേഖലയിലുണ്ട്. മണ്ടചീയലും മഹാളിരോഗവും മൂലം കൃഷി നശിച്ച് ദുരിതങ്ങളുടെ മാറാപ്പ് ചുമക്കുകയാണ് കാസർകോട് ജില്ലയിലെ അടയ്ക്കാ കർഷകർ. നിരന്തരം പരീക്ഷണങ്ങളിൽ ഏർപ്പെടേണ്ടിവരുന്ന കർഷകന് സാമ്പത്തികമായ വളർച്ചയുണ്ടെങ്കിൽ മാത്രമേ കൃഷിയിൽ ഊന്നുവാൻ സാധിക്കുകയുള്ളൂ. കൂനിൻമേൽ കുരു എന്നതുപോലെയാണ് അടയ്ക്കായെ ഇപ്പോൾ ഹാനികരമായ വസ്തുവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ ഗ്രാമങ്ങൾ ഇല്ലാതാകുന്നു. ഗ്രാമങ്ങളുടെ കാർഷികവും സാംസ്കാരികവുമായ ബഹുസ്വരതയും ഇല്ലാതാകുന്നു. കർഷകന്റെ ജീവിതത്തെയും വൈവിദ്ധ്യമാർന്ന കാർഷിക രീതികളെയും നിലനിറുത്തേണ്ടത് നമ്മുടെ ബാധ്യതയായി കാണണം. എങ്കിൽ മാത്രമേ സാധാരണക്കാരന്റെ ജീവിതത്തിൽ വേരോട്ടമുണ്ടാക്കാൻ സർക്കാരിന് സാധിക്കുകയുള്ളൂ. അടയ്ക്കാ കൃഷിയെ നാം

രക്ഷിക്കണം. അടയ്ക്കാ കേരളീയ സംസ്കാരത്തിന്റെ ഭാഗമാണ്. നമ്മുടെ ഇതിഹാസങ്ങളിലും പുരാവൃത്തങ്ങളിലും താമ്പൂലത്തിനുള്ള പ്രാധാന്യം എടുത്തുപറയേണ്ടതില്ലല്ലോ? പുതിയ കാലഘട്ടത്തിൽ അമിതമായി ഉപയോ ഗിക്കുന്നതുകൊണ്ടാണ് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഒരു നിയമം കൊണ്ട് നിരോധിക്കുന്നത് ജീവിതത്തെ തളർത്തുവാനേ ഉപകരിക്കുകയുള്ളൂ. നിരോധനമല്ല നമുക്ക് വേണ്ടത്. പ്രബോധനമാണ് നമുക്ക് ആവശ്യം. ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല മുൻകൈ എടുത്ത് മുഖ്യ മന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രത്യേക താല്പര്യപ്രകാരം കാസർഗോഡിന്റെ പിന്നോക്കാവസ്ഥ പഠിക്കാൻ നിയോഗിച്ച പ്രഭാകർ കമ്മീ ഷനും അടയ്ക്കാ കർഷകരുടെ ദുരിതം എടുത്തുപറയുന്നുണ്ട്. 2011-ൽ അടയ്ക്കാ പാക്കേജ് അനുവദിച്ചിട്ടും നടപ്പിലായില്ല. അന്നത്തെ കൃഷിവകുപ്പ് മന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ മഞ്ചേശ്വരത്തുവച്ചാണ് ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. പ്രഖ്യാപനത്തിനു ശേഷം പത്ത് ദിവസത്തിനകം 38 കൃഷിഭവനുകളിൽ 17,300 അപേക്ഷകൾ സ്വീകരിച്ചുവെങ്കിലും ഒരു നടപടി യുമുണ്ടായില്ല. കമുകിന് മഹാളിരോഗം ബാധിച്ചതുകാരണം ദാരിദ്ര്യത്തിന്റെ പടുകുഴിയിലേയ്ക്ക് തള്ളപ്പെട്ട കർഷകരെ സഹായിക്കാൻ 2012-13-ൽ തയ്യാ റാക്കിയ 18.75 കോടി രൂപയുടെ പദ്ധതിയും പ്രാവർത്തികമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വകുപ്പിന്റെ റിപ്പോർട്ടടക്കം മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിച്ച പദ്ധതി ധനകാര്യ വകുപ്പിന്റെ അനുമതി ക്കായി കാത്തിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത് ഇടുക്കി ജില്ലയിലെ കുരുമുളക്, കാസർഗോഡ് ജില്ലയിലെ അടയ്ക്കാ എന്നിവയെ ദുരിതബാധിത വിളകളായി പ്രഖ്യാപിക്കണമെന്ന് കർഷക കടാശ്വാസ കമ്മീഷൻ ശുപാർശ

ചെയ്യുന്നു. ഈ ശുപാർശ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് ബഹു മാനപ്പെട്ട മന്ത്രിയോടും സർക്കാരിനോടും അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കേരളത്തിലെ അടയ്ക്കാ കർഷകർ നിരവധി പ്രശ്നങ്ങളാൽ ദുരിതമനുഭവിക്കുന്നവരാണ്. കമ്പോള വിലയിടിവ്, മഞ്ഞളിപ്പ് രോഗം, മഹാളി രോഗം എന്നിവയാൽ ഉണ്ടാകുന്ന ഉല്പാദനക്ഷമതാക്കുറവ് എന്നിവ ഇതിന് പ്രധാന കാരണമാണ്. അടയ്ക്കാ ഉല്പന്നങ്ങളായ ഗുഡ്ക്കാ, പാൻമസാല എന്നിവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള നിരോധനവും അയൽരാജ്യ ങ്ങളിൽ നിന്ന് നിയമാനുസൃത മാർഗ്ഗങ്ങളിൽക്കൂടിയും അല്ലാതെയുമുള്ള ഇറ ക്കുമതിയും കർഷകരുടെ ദുരിതത്തിന് ആക്കം കൂട്ടുന്നു. സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളായ പാലക്കാട്, മലപ്പുറം, കാസർഗോഡ്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് അടയ്ക്കാ കൃഷി പ്രധാനമായും ചെയ്തുവരുന്നത്. ഇതിൽ സിംഹഭാഗവും കാസർഗോഡ് ജില്ലയിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. 2005-ൽ അടയ്ക്കയുടെ വിലയിടിവ് തടയുന്നതിന് സ്പെഷ്യൽ പാക്കേജ് പ്രകാരം സർക്കാർ അടയ്ക്കാ സംഭരണം നടത്തിയിരുന്നു. തുടർന്ന് 2006-07 സാമ്പത്തിക വർഷം കവുങ്ങിന്റെ മഹാളി രോഗത്തിനെതിരെയുള്ള നിയന്ത്ര ണത്തിനായി 1238 ഹെക്ടർ കവുങ്ങിൻത്തോട്ടങ്ങളിൽ കേന്ദ്രസർക്കാർ 11 കോടി രൂപ ചെലവഴിച്ച് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം കീടനിയന്ത്രണ പദ്ധതി നടപ്പാക്കിവരുന്നു. തുടർന്നുവന്ന വർഷങ്ങളിൽ അടയ്ക്കാ കൃഷി ക്കായി പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കിയിരുന്നില്ല. ഇതിനു പ്രധാന കാരണമായത് അടയ്ക്കയ്ക്കും അടയ്ക്കാ ഉല്പന്നങ്ങൾക്കേർപ്പെടുത്തിയ നിരോധനവും കാൻസർ തുടങ്ങിയ മാരകരോഗങ്ങൾക്ക് ഇതിൽ അടങ്ങിയിരി

ക്കുന്ന ചില ആൽക്കലോയ്ഡുകൾ കാരണമാകുന്നു എന്ന അറിവുമാണ്. എന്നാൽ സംസ്ഥാനത്തെ വടക്കൻജില്ലകളിലെ പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിലെ പതിനായിരക്കണക്കിന് വരുന്ന അടയ്ക്കാ കർഷകരുടെ ദുരിതം പരിഗണിച്ച് 2011–ലെ സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അടയ്ക്കാ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. അടയ്ക്കാ പാക്കേജിന്റെ ആദ്യഘട്ടം നടപ്പാക്കുന്നതിനായി ആർ.കെ.വി.വൈ. യിൽ നിന്ന് ലഭ്യമാകുന്ന തുകയും കൂടാതെ കാസർഗോഡ് പാക്കേജിനായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള 25 കോടി രൂപയിൽ, കൃഷി വകുപ്പിന് ലഭ്യമാകുന്ന തുകയിൽ ഈ പദ്ധതിക്ക് ചെലവഴിക്കാൻ കഴിയുന്ന ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് ഈ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ള തിനാൽ ഇൻപുട്ട് ആപ്ലിക്കേഷൻ ഓർഗാനിക്കായി പുന:ക്രമീകരിക്കേണ്ടതാ ണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: അടുത്ത സബ്മിഷന്റെ വിഷയം കുളമ്പുരോഗവുമായി ബന്ധപ്പെട്ടതാണ്. ശ്രീ. എം. പി. വിൻസെന്റാണ് അതു സംബന്ധിച്ച് ആദ്യം നോട്ടീസ് നൽകിയത്. അതിനുശേഷം സർവ്വശ്രീ മാത്യൂ റ്റി. തോമസ്, വി. എം. ഉമ്മർ മാസ്റ്റർ, എ. എം. ആരിഫ്, ബി. ഡി. ദേവസ്സി എന്നീ അംഗങ്ങളും ഈ വിഷയവുമായി ബന്ധപ്പെട്ട് സബ്മിഷൻ നോട്ടീസുകൾ നൽകിയിട്ടുണ്ട്.

## കുളമ്പുരോഗം തടയാൻ നടപടി

ശ്രീ. എം. പി. വിൻസെന്റ്: സർ, വളരെ ഗൗരവമായ ഒരു വിഷയമാണ് ഞാൻ സഭയുടെ മുമ്പിൽ കൊണ്ടുവരുന്നത്. കുളമ്പുരോഗംമൂലം കേരള

ത്തിലെ ക്ഷീരകർഷകർ ഇന്ന് വളരെയേറെ ദുരിതത്തിലാഴ്ന്നിരിക്കുകയാണ്. സർക്കാർ ക്ഷീരമേഖലയിൽ നല്ല രീതിയിലുള്ള മാർഗ്ഗങ്ങൾ അവലംബിച്ചു കൊണ്ട് മുന്നോട്ടുപോകുന്ന അവസരത്തിലാണ് കാലികളും ആടുമാടുകളും അതുപോലെ വന്യമൃഗങ്ങളുമടക്കം രോഗബാധിതരാകുന്നു എന്ന വാർത്ത വരുന്നത്. മൃഗശാലയിൽവരെ രോഗബാധയുണ്ടായിക്കഴിഞ്ഞു. പിക്കോറാന വൈറസ് പരത്തുന്ന ഈ രോഗം കാറ്റിലൂടെയാണ് പകരുന്നത് എന്നാണ് അറിയാൻ കഴിയുന്നത്. രോഗം അതിവേഗം പകരുന്നതിന്റെ ഭാഗമായി കന്നുകാലികൾ ചത്തൊടുങ്ങുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. ഈ രോഗം ക്ഷീരമേഖലയെ തകർത്തുകൊണ്ടിരിക്കുകയാണ്. കർഷക കുടുംബങ്ങൾ പട്ടിണിയിലാണ്. വാക്സിൻ ഉപയോഗിച്ച് തടയാവുന്ന ഈ രോഗത്തിന് ഫലപ്രദമായ വാക്സിൻ ലഭ്യമാക്കേണ്ടതുണ്ട്. പാലുല്പാദനം 40 ശതമാനം കുറഞ്ഞതുമൂലമുള്ള പ്രതിദിന നഷ്ടം 2 കോടിയിലധികം രൂപയായി വർദ്ധിച്ചുകഴിഞ്ഞു. കന്നുകാലികൾ ചത്തതുമൂലമുള്ള നഷ്ടം ഇതിനു പുറമേയാണ്. ഔദ്യോഗിക കണക്കുകൾ പ്രകാരം 18000-ത്തിൽപ്പരം ആടുമാടുകൾക്ക് രോഗം ബാധിക്കുകയും 1500-ൽപ്പരം കാലികൾ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. രോഗം തൃശ്ശൂർ ജില്ലയിൽ ക്ഷീരമേഖലയ്ക്ക് വരുത്തിയ നഷ്ടം വളരെ വലുതാണ്. പാലക്കാട്, തൃശ്ശൂർ, കൊല്ലം, കോട്ടയം തുടങ്ങിയ ജില്ലകളിലും ഈ രോഗം കൂടുതലായി ബാധിച്ചിട്ടുണ്ട്. ഈ വിഷയത്തെ വളരെ ഗൗരവത്തോടെ നാം കാണേണ്ടതുണ്ട്. തൃശ്ശൂർ മൃഗശാലയിൽ രോഗബാധമൂലം മാനുകൾ ചത്തു. വന്യമൃഗങ്ങളിലും രോഗം ബാധിച്ചുതുടങ്ങിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് ഉണർന്നുപ്രവർത്തിക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ പുതിയ വാക്സി

നുകളും അതുപോലെ പ്രതിരോധ പ്രവർത്തനങ്ങളും നടപ്പിലാക്കാൻ അടിയന്തര കർമ്മപദ്ധതികൾ നടപ്പിലാക്കേണ്ടിയിരിക്കുന്നു. നല്ല രീതിയിലുള്ള നഷ്ടപരിഹാരം കർഷകർക്ക് കൊടുക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനോടൊപ്പം അത്യുല്പാദനശേഷിയുള്ളതും രോഗപ്രതിരോധ ശേഷിയുള്ളതുമായ നാടൻ സങ്കരയിനം പശുക്കളെ വെറ്ററിനറി സർവ്വകാലാശാലയുടെ സഹായത്തോടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വന്യജീവികളിലേയ്ക്ക് രോഗം പടരാതിരിക്കാൻ വനം-വന്യജീവി വകുപ്പ് ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്ന് അതിർത്തി കടന്നുവരുന്ന കന്നുകാലികൾക്ക് റിൻഡർപെസ്റ്റ് എറാഡിക്കേഷൻ ചെക്ക്പോസ്റ്റുകളിൽ കാര്യക്ഷമമായ പരിശോധന നടത്തേണ്ടത് ആവശ്യമാണ്. ഇപ്പോൾ ഇവയെ കൊണ്ടുവരുന്നതിന് ബാൻ വന്നിട്ടുണ്ട്. അതിനേക്കാളുപരിയായി ഇതിനാവശ്യമായ ക്രമീകരണങ്ങൾ ചെക്ക്പോസ്റ്റുകളിലുണ്ടാക്കിക്കൊണ്ടുള്ള നിയന്ത്രണമാണ് ഉണ്ടാകേണ്ടത്. ഈ വിഷയത്തിൽ സർക്കാർ അടിയന്തരമാർഗ്ഗങ്ങൾ സ്വീകരിച്ചില്ലെങ്കിൽ ക്ഷീരമേഖലയുടെ മരണമണി മുഴക്കത്തിന് കാതോർക്കേണ്ടിവരും. സർക്കാർ സ്വീകരിച്ചിട്ടുള്ള സത്വര നടപടികളെ ചെറുതായി കാണുന്നില്ല. പക്ഷേ, കുറേക്കൂടി മുമ്പോട്ടു പോയാൽ മാത്രമേ കർഷരുടെ കണ്ണീരൊപ്പാൻ നമുക്ക് കഴിയൂ. രോഗം ബാധിച്ചതിനുശേഷമുള്ള ചികിത്സയേക്കാൾ വേണ്ടത് അത് തടയുന്നതിനുള്ള പ്രതിരോധ പരിപാടികളാണ്.. സഞ്ചരിക്കുന്ന വെറ്ററിനറി ക്ലിനിക്കുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അത് കൂടുതൽ കാര്യക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെ രോഗം ബാധിച്ച് മരണപ്പെടുന്ന പശുക്കളുടെയും മറ്റും പോസ്റ്റ്മോർട്ടം നടത്തിയാൽ മാത്രമേ സഹായമോ ഇൻഷുറൻസോ ലഭിക്കുകയുള്ളൂ എന്ന അവസ്ഥയുണ്ട്. ഇവയുടെ പോസ്റ്റ്മോർട്ടം നടത്തുക

എന്നത് വളരെയേറെ ബുദ്ധിമുട്ടുള്ള കാര്യമാണ്. വണ്ടിയിൽ കയറ്റിക്കൊണ്ടു പോകുന്നതിനും മറ്റും വലിയ പ്രയാസമുണ്ട്. അതുകൊണ്ട് അതിനൊരു മാറ്റം വരുത്തി വെറ്ററിനറി ഡോക്ടർമാർ സർട്ടിഫൈ ചെയ്യുന്ന രീതിയുണ്ടാക്കുന്ന കാര്യം വളരെ ഗൗരവപൂർവ്വം പരിഗണിക്കേണ്ടതുണ്ട്. പോസ്റ്റ്മോർട്ടം ഒഴിവാക്കിക്കഴിഞ്ഞാൽ കർഷകർക്കുള്ള ബുദ്ധിമുട്ട് കുറയ്ക്കാനും നഷ്ടപരിഹാരം നൽകുന്നതിലെ കാലതാമസം ഒഴിവാക്കാനും സാധിക്കും. അതുപോലെ, ഹോമിയോ, ആയുർവേദം തുടങ്ങിയ ഇതരവിഭാഗങ്ങളിലെ മരുന്നുകളും നാട്ടറിവുകളും കൂടി ഈ കാര്യങ്ങളിൽ യോജിപ്പിച്ചുകൊണ്ടുള്ള ഒരു ചികിത്സാ പദ്ധതിയെപ്പറ്റി ആലോചിക്കേണ്ടതുണ്ട്. പശുക്കളിൽ രോഗപ്രതിരോധശേഷിയുള്ള ഇനങ്ങൾ കൂടുതൽ വ്യാപകമാക്കി ഈ രംഗത്ത് പുതിയ മാറ്റമുണ്ടാക്കിക്കൊണ്ട് കുളമ്പുരോഗത്തിന് അടിയന്തരമായ ശമനമുണ്ടാക്കുന്നതിനുള്ള നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ):</u> സർ, ബഹുമാനപ്പെട്ട അംഗം എം.പി. വിൻസെന്റും മറ്റംഗങ്ങളും കുളമ്പുരോഗത്തെക്കുറിച്ചും അതിന്റെ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും അന്യസംസ്ഥാനങ്ങളിൽ നിന്നും ആടുമാടുകളെ ഇറക്കുമതി ചെയ്യുന്നത് നിരോധിച്ചതിനെക്കുറിച്ചുമൊക്കെയുള്ള കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞകാലങ്ങളിലൊന്നും കാണാത്ത രൂപത്തിൽ ഈ രോഗം മാരകമായി ബാധിച്ചതായാണ് കാണുന്നത്. 2013 ആഗസ്റ്റ് 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് 51551 ഉരുക്കളിൽ രോഗം ബാധിച്ചിട്ടുണ്ട്. അതിൽ പശുക്കളടക്കം 4705 ഉരുക്കൾ മരണപ്പെട്ടതായി വിവിധ ജില്ലകളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രതി

രോധ നടപടികളുടെ ഭാഗമായി രോഗബാധിത പ്രദേശങ്ങൾക്കു ചുറ്റുമായി കുത്തിവയ്പ്, റിംഗ് വാക്സിനേഷൻ നടത്തിവരുന്നുണ്ട്. രോഗം ബാധിച്ച ഉരുക്കൾക്ക് മൃഗസംരക്ഷണ വകുപ്പ് സൗജന്യ ചികിത്സ നൽകുന്നുണ്ട്. ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, പരിസര ശുചീകരണത്തിനാവശ്യമായ അണുനാശിനികൾ എന്നിവ വാങ്ങുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പ് 20 ലക്ഷം രൂപ ജില്ലകളിലുള്ള ഫണ്ടുകൾക്കു പുറമേ അധിക ഫണ്ടായി ഗോരക്ഷാ പദ്ധതിയിൽ നിന്നും വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. മരുന്നും അണുനാശിനികളും ജില്ലാതലത്തിൽ വാങ്ങി ഉപയോഗിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട ഒരുപാട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ പ്രധാനമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ക്ഷീരവികസന വകുപ്പ്, ക്ഷീരസഹകരണ സംഘം, വനം വകുപ്പ്, പോലീസ്, മോട്ടോർ വകുപ്പ്, തദ്ദേശ സ്വയംഭരണം, മിൽമ എന്നിവയുടെ യോഗം വിളിച്ച് പ്രശ്നങ്ങൾ അവലോകനം ചെയ്തുവരുന്നു. കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട ഉരുക്കൾക്ക് മൃഗസംരക്ഷണ വകുപ്പ് 20000 രൂപ വീതവും ക്ഷീരവികസനവകുപ്പ് 10000 രൂപ വീതവും മിൽമയിൽ പാൽ അളക്കുന്നവർക്ക് മിൽമയുടെ വകയായി 10000 രൂപയും അങ്ങനെ ആകെ 40000 രൂപ സഹായധനമായി നൽകുന്നുണ്ട്. അതോടൊപ്പം നാലുചാക്ക് കാലിത്തീറ്റയും (200 കി.ഗ്രാം) സൗജന്യമായി നൽകിവരുന്നു. നാളിതുവരെ വിവിധ ജില്ലകളിലായി 1 കോടി 9 ലക്ഷം രൂപ മരണപ്പെട്ട ഉരുക്കൾക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലും വളരെ ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ എം.എൽ.എ.യും അതോടൊപ്പം ശ്രീ. അൻവർ സാദത്ത് എം.എൽ.എ.യും

കന്നുകാലികളെ കടത്തിവിടുന്നതിനുള്ള നടപടികൾക്കായി നിവേദനം നൽകിയിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുള്ള വാക്സിനും സാമ്പത്തിക സഹായവും എല്ലാ വർഷവും സംസ്ഥാനത്ത് കിട്ടുന്നുണ്ട്. നിലവാരമില്ലാത്ത വാക്സിൻ സംഭരിക്കുകയും അതുപയോഗിച്ച് വാക്സിനേഷൻ എടുക്കുകയും ചെയ്തതിന്റെ ഫലമായി റിസൾട്ടുണ്ടാകുന്നില്ല എന്നതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത് രണ്ടാമത്തെ കാര്യം, വ്യാപകമായി കർഷകരുടെ ഇടയിൽ ബോധവൽക്കരണം നടത്തിയെങ്കിലും അത് സ്വീകാര്യമല്ലെന്നാണ് അവർ പറയുന്നത്. വാക്സിൻ സ്വീകരിക്കാൻ പാടില്ല, കറവ കിട്ടില്ല എന്നുള്ള ധാരണയുണ്ടായിരുന്നു. അതിനുള്ള യാതൊരു നടപടിയും എടുത്തില്ല. മൃഗസംരക്ഷണ വകുപ്പിന്റെ കൈവശമുള്ള വാക്സിന് റിസൾട്ടുണ്ടോ എന്നറിയുന്നതിന് ലബോറട്ടറിയിൽ കൊടുത്തയച്ച് പരിശോധിപ്പിക്കണം.

ശ്രീ. കെ. പി. മോഹനൻ: സർ, വാക്സിൻ പരിശോധിക്കുന്നതിനുള്ള ഒരു സംവിധാനം ലോകത്തെവിടെയുമില്ല.

ശ്രീ. സി. ദിവാകരൻ: സർ, ഛത്തീസ്ഗഡിലും ബാംഗ്ലൂരിലുമുള്ള ലബോറട്ടറികളിലുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, കുത്തിവയ്പെടുത്ത് പത്തുദിവസം കഴിഞ്ഞാൽ പശുക്കളിൽ കാണുന്ന മാറ്റമെന്താണെന്ന് കണ്ടറിഞ്ഞുകൊണ്ടു മാത്രമേ ഇത് പരിശോധിക്കാൻ സാധിക്കുകയുള്ളൂ. ഇവിടെ ഉന്നയിക്കപ്പെട്ട വിഷയത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ കാര്യങ്ങൾ നിയന്ത്രണത്തിലായത്.

(മേശപ്പുറത്തുവച്ച കടലാസ്സുകൾ)